"ഭരണഭാഷ മാതൃഭാഷ"

<u>കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>

<u>കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ -സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പൊതു സ്ഥലം മാറ്റം 2022-2023 ഉത്തരവ് പുറപ്പെടുവിക്കുന്നു.</u>

**<u>ഉത്തരവ് നമ്പർ എ2/21097/2022/കോ വി വ,തീയതി :01.06.2022</u>**

<u>പരാമർശം :</u>

1.ഈ ഓഫീസിലെ 29.04.2022,07.05.2022 തീയതികളിലെ എ1/12244/2022 നമ്പർ സർക്കുലറുകൾ

2.24.05.2022 തീയതിയിലെ എ2/21097/2022/കോ വി വ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക

## <u>ഉത്തരവ്</u>

സർക്കാർ കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അദ്ധ്യാപകരുടെ 2022-'23-ലെ പൊതുസ്ഥലംമാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും സ്ഥലം മാറ്റ നിർദേശങ്ങളെപ്പറ്റി പരാതിയുണ്ടെങ്കിൽ ആയത് നേരിട്ടോ പ്രിൻസിപ്പാൾ മുഖാന്തിരമോ 29.05.2022 തീയതി 5 PM-നകം dcegeneraltransfer@gmail.com എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണെന്ന നിർദേശം നൽകുകയും ചെയ്തിരുന്നു.ആയതനുസരിച്ച് പരാതികളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ ചുവടെ കാണുന്ന പ്രകാരം സർക്കാർ കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ. നം | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ ശ്രീജിത്ത് വി<br>ഗവ.വിമൻസ് കോളേജ്<br>തിരുവനന്തപുരം<br>(അപേക്ഷ) | ഗവ.ആർട് സ് കോളേജ്,തിരുവനന്തപുരം<br>(ശ്രീ ശ്രീകുമാർ എൻ വി യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 2 | ശ്രീ പ്രസാദ് എസ്<br>യൂണിവേഴ്സിറ്റി കോളേജ്,തിരുവനന്തപുരം<br>(അപേക്ഷ) | ഗവ.വിമൻസ് കോളേജ്,തിരുവനന്തപുരം<br>(നിലവിലെ ഒഴിവിൽ) |

| | | |
|---|---|---|
| 3 | ശ്രീമതി ഉഷ കെ<br>ബി ജെ എം ഗവ.കോളേജ്,ചവറ<br>(അപേക്ഷ) | ഗവ.കോളേജ്,അമ്പലപ്പുഴ<br>(വിരമിക്കൽ ഒഴിവിൽ) |
| 4 | ശ്രീമതി വിദ്യ ടി ആർ<br>യൂണിവേഴ്സിറ്റി കോളേജ് ,തിരുവനന്തപുരം<br>(അപേക്ഷ) | ബി ജെ എം ഗവ.കോളേജ്,ചവറ<br>(ശ്രീമതി ഉഷ കെ-യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 5 | ശ്രീ കലാധരൻ പി വി<br>എസ് എൻ ജി എസ് കോളേജ് ,പട്ടാമ്പി<br>(അപേക്ഷ) | കെ കെ ടി എം ഗവ.കോളേജ് ,പുല്ലൂറ്റ്<br>(നിലവിലെ ഒഴിവിൽ) |
| 6 | ശ്രീ സുജിത്ത് പി<br>മഹാരാജാസ് കോളേജ്,എറണാകുളം<br>(അപേക്ഷ) | ശ്രീ സി അച്യുതമേനോൻ സർക്കാർ കോളേജ്<br>കുട്ടനെല്ലൂർ<br>(നിലവിലെ ഒഴിവിൽ) |
| 7 | ശ്രീമതി ശ്രീദേവി ഇ പി<br>എസ് എൻ ജി എസ് കോളേജ് ,പട്ടാമ്പി<br>(അപേക്ഷ) | മഹാരാജാസ് കോളേജ് ,എറണാകുളം<br>(ശ്രീ സുജിത്ത് പി -യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 8 | ശ്രീമതി ശ്രീകുമാർ എൻ വി<br>ഗവ ആർട് സ് കോളേജ് ,തിരുവനന്തപുരം | ഗവ.വിമൻസ് കോളേജ്<br>തിരുവനന്തപുരം<br>(ശ്രീ ശ്രീജിത്ത് വി യ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽനിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
വിഘ്നേശ്വരി വി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

<u>പകർപ്പ്</u>

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകന്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.കരുതൽ ഫയൽ /ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്